1

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 328 06/01/2014-ൽ മറുപടിക്ക്

### അട്ടപ്പാടി മേഖലയ്ക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സഹായങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അട്ടപ്പാടി മേഖലയിൽ സന്ദർശനം നടത്തിയ കേന്ദ്ര മന്ത്രിമാർ ആരൊക്കെയായിരുന്നു; എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും പ്രഖ്യാപിക്കുകയും ചെയ്തു എന്ന് അറിവുണ്ടോ ; വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അട്ടപ്പാടി മേഖലയിൽ ബഹു. കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ. ജയറാം രമേശ്, കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷ് എന്നിവർ സന്ദർശനം നടത്തിയിരുന്നു. ബഹു. ഗ്രാമ വികസന വകുപ്പ് മന്ത്രി താഴെ വിവരിക്കുന്ന സഹായങ്ങൾ പ്രഖ്യാപിച്ചിരുന്നു.<br>1. കേന്ദ്ര ഗ്രാമവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി, ശ്രീ. എസ്.എം. വിജയാനന്ദ്, ഐ.എ.എസ് ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയ്ക്കു വേണ്ടി ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു.<br>2. പട്ടികവർഗ്ഗക്കാർക്കിടയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി 50 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു.<br>3. എം.കെ.എസ്.പി. പദ്ധതി പ്രകാരം വനിതാ കർഷകർ മുഖേനയുള്ള 3 വർഷത്തെ പ്രത്യേക കാർഷിക പദ്ധതിയ്ക്ക് 50 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു.<br>4. അട്ടപ്പാടിയിലെ 500 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് മൂന്നുമാസത്തെ പ്രത്യേക പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുമെന്നും ഇതിൽ 250 യുവാക്കളും 250 യുവതികളും ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| | | | 5. പട്ടികവർഗ്ഗക്കാർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2000 വീടുകളുടെ നിർമ്മാണത്തിന് വീടൊന്നിന് 75000/- രൂപയുടെ 75% പ്രകാരം 12 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു.<br>6. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 30 കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമെന്നും (250 ന് മുകളിൽ ജനസംഖ്യയുള്ള സങ്കേതങ്ങളിലേയ്ക്ക്) പ്രഖ്യാപിച്ചു.<br>7. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2 വിദഗ്ധരെ കേന്ദ്ര സർക്കാർ 18 മാസത്തേയ്ക്ക് നേരിട്ട് നിയമിക്കുമെന്നും പദ്ധതികളുടെ ഏകോപനത്തിന് കേന്ദ്ര ഗ്രാമ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്. നെ ചുമതലപ്പെടുത്തുമെന്നും പ്രഖ്യാപിച്ചു.<br>8. ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 28 സബ് സെന്ററുകളുടെ അറ്റകുറ്റപ്പണികൾ. ഫീൽഡിൽ പോകുന്നതിനുള്ള വാഹനങ്ങൾ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾ അടങ്ങുന്ന ജാർഖണ്ഡ് മോഡൽ സ്പെഷ്യൽ എൻ.ആർ.എച്ച്.എം. പാക്കേജ് അട്ടപ്പാടിയ്ക്ക് അനുവദിക്കാമെന്നും ആയതിനുള്ള പ്രൊപ്പോസൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. |
| (ബി) | പ്രഖ്യാപിക്കപ്പെട്ട സഹായങ്ങൾ നേടിയെടുക്കുന്നതിന് സർക്കാർ നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) യും (സി) | 1. കേന്ദ്ര ഗ്രാമ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ്, ഐ.എ.എസിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയ്ക്കുവേണ്ടി ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. സ്പെഷ്യൽ ഓഫീസറായി ഡോ. സീമാഭാസ്കറെ നിയമിച്ചു<br>2. പട്ടികവർഗ്ഗക്കാർക്കിടയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി 50 കോടി രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br>3. എം.കെ.എസ്.പി. പദ്ധതി പ്രകാരം വനിതാ കർഷകർ മുഖേനയുള്ള പ്രത്യേക കാർഷിക പദ്ധതിയ്ക്ക് 50 കോടി രൂപ അനുവദിച്ചു കിട്ടുന്നതിന് കുടുംബശ്രീ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇതുവരെ ലഭിച്ച സഹായങ്ങൾ എന്തെല്ലാമാണ് ; അതുവഴി സ്വീകരിക്കപ്പെട്ട പുതിയ നടപടികൾ എന്തെല്ലാമാണ്? | | |

| | | | |
|---|---|---|---|
| | | | 4. അട്ടപ്പാടിയിലെ 500 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് മൂന്നുമാസത്തെ പ്രത്യേക പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തി ഓറിയന്റേഷൻ നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>5. പട്ടികവർഗ്ഗക്കാർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2000 വീടുകളുടെ നിർമ്മാണത്തിന് വീടൊന്നിന് 75000/- രൂപയുടെ 75% ആയ 12 കോടി രൂപ അനുവദിച്ചു കിട്ടുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചു.<br>6. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 70.5 കിലോമീറ്റർ ഗ്രാമീണ റോഡുകൾ കണ്ടെത്തി വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.<br>7. മേൽ വിവരിച്ച പദ്ധതികളുടെ നടത്തിപ്പിനായി ഡോ. സീമീഭാസ്കറെ കേന്ദ്ര സർക്കാർ നിയമിച്ചിട്ടുണ്ട്. പദ്ധതികളുടെ ഏകോപനത്തിന് കേന്ദ്ര ഗ്രാമ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്. നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br>8. ആരോഗ്യ വകുപ്പിന്റെ കീഴിൽ അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന 28 സബ് സെന്ററുകളുടെ അറ്റകുറ്റപ്പണികൾ, ഫീൽഡിൽ പോകുന്നതിനുള്ള വാഹനങ്ങൾ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾ അനുവദിച്ചു കിട്ടുന്നതിന് ഹെൽത്ത് സർവ്വീസ് ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**